## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2092 | 10.10.2011 - ൽ മറുപടിക്ക് |
|---|---|

### മരുന്നു കമ്പനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>ശ്രീ. പുരുഷൻ കടലുണ്ടി:<br>ശ്രീ. ആർ. രാജേഷ്:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മരുന്നു കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ വില ഈടാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളിൽ കൂടുതലും ഉല്പാദിപ്പിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഹിമാചൽ പ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിലാണ് മരുന്നുകൾ കൂടുതലായും ഉല്പാദിപ്പിക്കുന്നത്. |
| (സി) | വില നിയന്ത്രിക്കാനുള്ള എന്തെല്ലാം നിയമ നടപടികളാണ് മരുന്നു കമ്പനികൾക്കുമേൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാർ ആണ്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നോട്ടിഫൈ ചെയ്തിട്ടുള്ള മരുന്നുകളുടെ വില കൂടുതലായി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാലുടൻ അവരെ അറിയിക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | മരുന്നു കമ്പനികളുടെ പ്രതിനിധികളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ആഫീസർ